# 8

# പൊന്ന് മങ്ങിപ്പോയി

## (4:1-12)

ജെറ്റ് ഫൈറ്റർ വിമാനത്തിൽ, ജനക്കൂട്ടത്തിന്റെ തൊട്ടുമുകളിൽ വിസ്മയപ്രകടനം നടത്തുന്ന ഒരു പൈലറ്റ്, കീഴ്മേൽ മറിയുന്ന പല അഭ്യാസങ്ങളും നടത്തിയിട്ടു്. മുൻപ് നൂറുകണക്കിന് അഭ്യാസങ്ങൾ ഇതുപോലെ നടത്തി, മിന്നുന്ന പ്രകടനങ്ങൾ നടത്തി പെട്ടെന്ന് അപ്രത്യക്ഷമാകും. എങ്ങനെയായാലും, ഈ സമയത്ത്, അദ്ദേഹം തെറ്റായ ദിശയിൽ പോകുകയും, വിമാനം വന്ന് കുകൊുനിന്ന ജനക്കൂട്ടത്തിലിടിച്ചുകയറി. താഴ്ഭാഗം മുകളിലും, മുകൾഭാഗം താഴെയുമായിരുന്നു. അയാൾക്ക് തലച്ചുറ്റൽ അനുഭവപ്പെട്ടതാകാം ദിശാബോധം നഷ്ടപ്പെടുവാനിടയായത്. ഉയർന്ന സ്പീഡിൽ പെ
ായ്ക്കൊിരുന്നതിനാൽ ആകർഷണവലി ഇല്ലാതെ, തല-കീഴായി പറക്കുന്നത് ശരിയായ-വശത്തിലാണ് പറക്കുന്നതെന്ന് തോന്നി. താഴ്ന്നു പറക്കുന്ന ഒരു വിമാനത്തിന്റെ പൈലറ്റിന് ഒരു സെക്കന്റ്കൊ് ദിശാബോധം നഷ്ടപ്പെട്ടാൽ പോലും, അയാൾക്ക് അത് ശരിയാക്കുവാൻ സാധ്യമല്ല.

ഏതാ് അതുപോലെയാണ് യെഹൂദ്യയിലെ പ്രഭുക്കന്മാർക്കും, പുരോഹിതന്മാർക്കും, പ്രമാണിമാർക്കും സംഭവിച്ചത്. അവർക്ക് ധാർമ്മികമായ തലകറക്കമായിരുന്നു ഉായിരുന്നത്. ആത്മിയമായ കാഴ്ച്ചപ്പാടിൽ, "ഏതു ഭാഗമാണ് മുകളിൽ" എന്ന് അവർ അറിഞ്ഞില്ല.

> അയ്യോ പൊന്നു മങ്ങിപ്പോയി, നിർമ്മല തങ്കം മാറി പോയി! വിശുദ്ധ രത്നങ്ങൾ സകല വീഥികളുടേയും തലെക്കൽ ചൊരിഞ്ഞുകിടക്കുന്നു. തങ്കത്തോടു തുല്യമായിരുന്ന സീയോന്റെ വിശിഷ്ടപുത്രന്മാരെ കുശവന്റെ പണിയായ മൺപാത്രങ്ങളെപോലെ എണ്ണിയിരിക്കുന്നതെങ്ങനെ? കുറുനരികൾ പോലും മുലകാണിച്ചു കുട്ടികളെ കുടിപ്പിക്കുന്നു. എന്റെ ജനത്തിന്റെ പുത്രിയോ മരുഭൂമിയിലെ ഒട്ടകപ്പക്ഷിയെപോലെ ക്രൂരയായിതീർന്നിരിക്കുന്നു. മുലകുടിക്കുന്ന കുഞ്ഞിന്റെ നാവ് ദാഹംകൊ് അണ്ണാക്കോട് പറ്റിയിരിക്കുന്നു; പൈതങ്ങൾ അപ്പം ചോദിക്കുന്നു. ആരും നുറുക്കി കൊടുക്കുന്നതുമില്ല. സ്വാദുഭോജ്യങ്ങളെ അനുഭവിച്ചുവന്നവർ വീഥികളിൽ പട്ടിണി കിടക്കുന്നു; ധൂമ്രവസ്ത്രം ധരിച്ചുവളർന്നവർ കുപ്പകളെ ആലിംഗനം ചെയ്യുന്നു, കൈതൊടാതെ പെട്ടെന്ന് മറിഞ്ഞുപോയ സൊദോമിന്റെ പാപത്തേക്കാൾ എന്റെ ജനത്തിന്റെ പുത്രിയുടെ അകൃത്യം വലുതാകുന്നു, ... അവളുടെ പ്രഭൂക്കന്മാർ ഹിമത്തിലും നിർമ്മലന്മാരും പാലിലും വെളുത്തവരുമായിരുന്നു, അവരുടെ ദേഹം പവിഴത്തിലും ചുവപ്പുള്ളതും അവരുടെ ശോഭ നീലക്കല്ല് പോലെയും ആയിരുന്നു. അവരുടെ മുഖം കരിക്കട്ടയേക്കാൾ കറുത്തിരിക്കുന്നു, വീഥികളിൽ അവരെ കിട്ട് ആരും അറിയുന്നില്ല. അവരുടെ ത്വക്ക് അസ്ഥികളോട് പറ്റി ഉണങ്ങി മരം പോലെ ആയിരിക്കുന്നു. വാൾകൊ് മരിക്കുന്നവർ വിശപ്പുകൊ് മരിക്കുന്നവരേക്കാൾ ഭാഗ്യവാന്മാർ. അവർ ന

ിലത്തിലെ അനുഭവമില്ലായ്കയാൽ ബാധിതരായി ക്ഷീണിച്ചുപോകുന്നു. കരുണയുള്ള സ്ത്രീകൾ തങ്ങളുടെ പൈതങ്ങളെ സ്വന്തകൈകൊ് പാകം ചെയ്തു; അവർ എന്റെ ജനത്തിൻപുത്രിയുടെ നാശത്തിങ്കൽ അവർക്ക് ആഹാരമായിരുന്നു. യഹോവ തന്റെ ക്രോധം നിവർത്തിച്ചു, തന്റെ ഉഗ്ര കോപം ചൊരിഞ്ഞിരിക്കുന്നു; അവൻ സീയോനിൽ തീ കത്തിച്ചു, അത് അതിന്റെ അടിസ്ഥാനങ്ങളെ ദഹിപ്പിച്ചുകളഞ്ഞു. വൈരിയും ശത്രുവും യെരുശലേമിന്റെ വാതിലുകൾക്കകത്ത് കടക്കും എന്ന് ഭൂരാജാക്കന്മാരും ഭൂവാസികളും ആരും വിശ്വസിച്ചിരുന്നില്ല (4:1-12).

പ്രാരംഭനാളുകളിൽ, യിസ്രായേലിന്റെ സ്വഭാവം സുവർണ്ണമായിരുന്നു. സൽസ്വഭാവികളായ പുരുഷന്മാർ ദേശത്തിന്റെ രത്നമായിരുന്നു. ദൈവി കസ്വഭാവത്തിന് പ്രാധാന്യമില്ലാതായപ്പോൾ, യെഹൂദ്യയും യെരൂശലേമും താഴോട്ടുള്ള പിരി പോലെയായി. ലോകത്തിൽ തങ്ങൾ ഉയരുകയാണെന്നാണ് ആളുകൾ വിചാരിച്ചത്. പിൻ-ഭാഗം മാത്രം കാണുന്ന, കണ്ണാടിയിൽകൂടെയാണ് അവർ നോക്കിയിരുന്നത്. അതിൽ ഇടതുവശം വലതുവശത്തായിട്ടും, വലതു വശം ഇടതുവശമായിട്ടുമാണ് കാണുന്നത്. നന്മയെ തിന്മയായിട്ടും തിന്മയെ നന്മയായിട്ടുമാണ് അവർ കത്. ദൈവഭക്തിക്ക് അവർ ആഗ്രഹിച്ച നിധി ന ൽകുവാൻ കഴിഞ്ഞില്ല. അഭിമാനം, പ്രാമുഖ്യം, ശക്തി എന്നിവ അവരുടെ രത്നങ്ങളായി മാറി. ഭൗതിക സമ്പാദ്യമനുസരിച്ചാണ് അവർ മൂല്യം കണ ക്കാക്കിയത്. യെഹൂദ്യസമൂഹത്തിലെ സുവർണ്ണ യുവാക്കൾക്ക് അവരുടെ ദിശാബോധം നഷ്ടപ്പെട്ടു.

ഒരു ദേശത്തിന് ധാർമ്മികവും ആത്മികവുമായ ദിശ നഷ്ടപ്പെട്ടാൽ എന്തു സംഭവിക്കും?

### നിധി ചവറായി തീരുന്നു (4:1, 2)

യെഹൂദ്യയുടെ സ്വർണ്ണം എങ്ങനെ മങ്ങിപ്പോയി എന്നു നോക്കുക (വാ.1). സാഹചര്യം അവിശ്വസനീയമായിതീർന്നു, കാരണം സ്വർണ്ണം സാധാരണ മങ്ങുന്നില്ല. വില കണക്കാക്കുന്നതിൽ അവർക്ക് തെറ്റുപറ്റിപ്പോയി. സ്വർണ്ണ ത്തെപോലെ വിലയുള്ളതായി അവർ കത് അങ്ങനെയായിരുന്നില്ല.

സാത്താൻ ഒരു വഞ്ചകനായ "കോൺ ആർട്ടിസ്റ്റ്" ആണ്! അവൻ വില യില്ലാത്ത വസ്തുക്കൾ വലിയ വിലക്കാണ് ലോകത്തിൽ വിറ്റഴിക്കുന്നത്. ഒരു ചന്തയുടെ കവാടത്തിൽ "ഒരാളുടെ ചവർ മറ്റൊരാളുടെ നിധിയാണ്" എന്ന ഒരു ബോർഡ് വെച്ചിട്ടു്. അതായിരിക്കും സാത്താന്റെ ലക്ഷ്യം. എങ്ങനെയാ യാലും, അവൻ ലോകത്തിൽ തന്റെ ചവർ അമൂല്യമായ നിധിയാണെന്ന് ബോധ്യമാക്കിക്കൊിരിക്കുന്നു.

യെഹൂദ്യയിലെ രത്നങ്ങൾ ഒന്നുമല്ലാത്തവണ്ണം വീഥികളിൽ ചവിട്ടിക്കള യുന്നു. വിപത്ത് ഒരു വ്യക്തിയുടെ മൂല്യനിർണ്ണയ സ്ഥിതി മാറ്റുന്നു. രത്നങ്ങൾ ഒന്നുമല്ലാതായി തീർന്നു; അത് എടുക്കുവാൻതക്ക വിലയില്ലാതായി തീർന്നു, കാരണം അവ വിശപ്പടക്കാൻ പറ്റുകയില്ല. ഒരിക്കൽ നിധിയായി കണക്കാക്കി യിരുന്നത് അപ്രധാനമായി. വിലയില്ലാത്തതായി പിൻവാതിലിലൂടെ എറിഞ്ഞു കളഞ്ഞ വസ്തുക്കൾ പെട്ടെന്ന് വിലയുള്ളതായി തീർന്നു.

ഒരിക്കൽ-വിലയുായിരുന്ന സീയോൻ പുത്രന്മാർ, വാസ്തവത്തിലുള്ള സ്വർണ്ണവുമായി തൂക്കി നോക്കിയപ്പോൾ, കുശവന്റെ കൈകളിലെ മൺ പ

ാത്രങ്ങളെക്കാൾ അധികമായി ഇല്ലായിരുന്നു (വാ.2)! അവ വ്യാജമായിരുന്നു താഴ്ന്ന നിലവാരത്തിലായിരുന്ന പോതുജനങ്ങളെ ഉയർന്നവരെന്ന് ധരിപ്പി ക്കുകയായിരുന്നു. അവർ ശരിയായ ജീവിതം ആഗ്രഹിക്കാത്ത പ്രതിബംബ നിർമ്മാതാക്കളായിരുന്നു, എന്നാൽ അവർ നല്ലവരാണെന്ന് ആളുകൾ വിചാ രിക്കുവാനും അവർ ആഗ്രഹിച്ചിരുന്നു. അതുകൊ് അവർക്ക്, യാഥാർത്ഥ്യ ത്തെക്കാൾ പ്രാധാന്യം അവരുടെ കാഴ്ച്ചപ്പാടായിരുന്നു. എങ്ങനെയായാലും അവരുടെ തനിസ്വഭാവം കാലവും സാഹചര്യങ്ങളും വെളിപ്പെടുത്തി. അവർ സ്വർണ്ണമേ ആയിരുന്നില്ല. യഥാർത്ഥ സ്വർണ്ണം മങ്ങുകയില്ല. അവർ പുറമേ സ്വർണ്ണത്തേപോലെ കാണുകമാത്രമാണ് ചെയ്തത്.

**മനസ്സലിവ് നിലനിൽപ്പിനു വഴിമാറി (4:3, 4, 10)**

യഹൂദ്യ മുഴുവനും, കുട്ടികളോടുള്ള മനസ്സലിവ് വ്യക്തിപരമായ നിലന ിൽപ്പിന് വഴിമാറി. കുറുനരികൾക്ക് അവയുടെ കുട്ടികളോടുള്ള മനസ്സലിവിനേ ക്കാൾ കുറഞ്ഞ മനസ്സലിവായിരുന്നു അമ്മമാർക്ക് അവരുടെ കുഞ്ഞുങ്ങളോടു (വാ.3). ദേശത്തെ പാഴ് നിലങ്ങളിൽ താമസിച്ചിരുന്ന പട്ടിയെ-പോലെയുള്ള ഒരു മൃഗമാണ് കുറുനരി. ഒരു തോട്ടിയായ, അശുദ്ധമായ മൃഗം, യഹൂദ സമൂ ഹത്താൽ തള്ളിക്കളഞ്ഞതായിരുന്നു - എങ്കിലും ആ കുറുനരികൾ തങ്ങളുടെ കുട്ടികളോടു കാണിക്കുന്ന കരുതൽ പോലും ഉപരോധകാലത്ത് യെരുശലേ മിലെ അമ്മമാർക്ക് തങ്ങളുടെ കുഞ്ഞുങ്ങളോടു ഇല്ലാതായി. ആഹാരം കിട്ടാ തിരുന്നതുകൊ് യഹൂദസ്ത്രീകൾ തങ്ങളുടെ കുഞ്ഞുങ്ങൾ പട്ടിണികിടക്കട്ടെ എന്നു വിചാരിച്ചു അല്ലെങ്കിൽ അവരുടെ ശ്രദ്ധസ്വയ-പരിരക്ഷണത്തിലേക്ക് തിരിഞ്ഞിരിക്കാം? അന്നു ഈ രു സാഹചര്യങ്ങളും ഉായിരുന്നു, വാക്യം 10 പ റയുന്നത്, ഭൗതീകമായ വിശപ്പിനു മുൻപിൽ മനസലിവ് വഴിമാറി എന്നാണ്. സ്ത്രീകൾ അല്ലെങ്കിൽ മനസ്സലിവ് കാണിക്കേവർ കുഞ്ഞുങ്ങളെ തങ്ങളുടെ നിലനിൽപ്പിനായി പാകം ചെയ്തു. ആളുകളുടെ ശരിയായ സ്വഭാവം പുറത്തു കൊു വരുന്ന പ്രതി സന്ധിയായിരുന്നു അത്.

കുഞ്ഞുങ്ങൾ എങ്ങനെയായാലും, പട്ടിണികിടന്നു മരിക്കുകയില്ലേ എന്ന് നാം വാദിച്ചേക്കാം. കുഞ്ഞുങ്ങളുടെ വായ് ആഹാരവും വെള്ളവുമില്ലാതെ, ന ാവ് അണ്ണാക്കിനോടു പറ്റിച്ചേർന്നിരുന്നു (വാ.4). എങ്ങനെയായാലും വാക്യം 3 ൽ, അമ്മമാരെ, മരുഭൂമിയിലെ ഒട്ടകപക്ഷികളെപ്പോലെ ക്രൂര സ്വഭാവക്കാരാ യിട്ടാണ് പറഞ്ഞിരിക്കുന്നത്. കുഞ്ഞുങ്ങൾ അപ്പത്തിനായി യാചിച്ചു, എന്നാൽ ആരും അവർക്കു കൊടുത്തില്ല.

ചാവുകടലിന്റെ താഴ്വരകളിലും അറേബ്യാ മരുഭൂമികളിലും ആണ് ഒട്ടക പക്ഷി ജീവിച്ചിരുന്നത്. അവ തന്റെ മുട്ടകൾ വിരിയിച്ചിരുന്നത് ആ മരുഭൂമി യിലെ ചൂടുള്ള മണലിൽ ആയിരുന്നു. പല കുടുംബങ്ങളും ഒരു കൂട്ടിലാണ് മുട്ടയിട്ടിരുന്നത്. ഒരു കൂട്ടിൽ ഒന്നിലധികം പക്ഷികൾ മുട്ടയിടുവാൻ ആഗ്ര ഹിച്ചതുകൊ് ആദ്യം ഒരു പക്ഷി വന്നു മുട്ടയിട്ടുകഴിയുമ്പോൾ കൂട്ടിനുള്ളിൽ സ്ഥലമില്ലാത്തതുകൊ്, അതിനടുത്ത് മണലിൽ മുട്ടയിടും. അങ്ങനെ കൂട്ടായ ആ ശ്രമത്തിൽ, രോ മൂന്നോ ഡസ്സൻ മുട്ടകൾ കക്കോം, അമ്മ പക്ഷിക്ക് തന്റെ മുട്ട ഏതാണെന്ന് കുപിടിക്കുക പ്രയാസമായിരുന്നു. അതുകൊ്, അവൾ മുട്ട യിട്ടിട്ട് പൊയ്ക്കളയും. മുട്ടകളേയും കുഞ്ഞുങ്ങളേയും നോക്കുന്നതു ആൺ പക്ഷികളാണ്. ഈ കാരണത്താലാണ് ഒട്ടകപക്ഷി തന്റെ കുഞ്ഞുങ്ങളെക്കു റിച്ച് കരുതലില്ലാത്തവൾ എന്നു പറയുന്നത്[1] യെരുശലേമിലെ അമ്മമാർ ഈ

സങ്കീർണ സമയത്ത് അവർ ഒട്ടക പക്ഷികളെപ്പോലെയാണ് പെരുമാറിയിരുന്നത്.

തരംതാഴ്ന്ന ജീവിത നിലവാരം നയിച്ചുവന്ന ദേശത്തിനു, കൃത്രിമമായ സാമ്പത്തിക സമ്പാദ്യങ്ങളെക്കാൾ അവരുടെ കുട്ടികളെ ആത്മികവും ധാർമികവുമായി ഉയർത്തുവാൻ അവർ താല്പര്യം കാണിച്ചില്ല. അവർ തങ്ങളുടെ കുട്ടികളെ ഭൗതീക സ്വത്തിനായി ബലികഴിക്കുകയോ അല്ലെങ്കിൽ വ്യക്തിപരമായ നേട്ടത്തിനുപയോഗിക്കയോ ചെയ്തു. സ്വർത്ഥരായ മാതാപിതാക്കൾ തങ്ങളുടെ വ്യക്തിതാൽപര്യങ്ങൾ നോക്കുമ്പോൾ, അവരുടെ കുട്ടികളാണ് കഷ്ടപ്പെടുന്നതു. അവർ വീഥികളിൽ അലഞ്ഞുതിരിയുകയോ അല്ലെങ്കിൽ ഒറ്റക്കു വീട്ടിൽ കഴിയുകയോ ചെയ്യും. അവർ മൂല്യം ഗ്രഹിക്കുന്നത് മറ്റുള്ളവരിൽ നിന്നോ മാദ്ധ്യമങ്ങളിൽ നിന്നോ, അല്ലെങ്കിൽ സ്കൂളിൽ നിന്നോ ആയിരിക്കും. ദൈവത്തിന്റെ മൂല്യവ്യവസ്ഥ പഠിക്കുവാൻ അവസരമില്ലാത്തതുകൊ്, നന്മയും തിന്മയും, ശരിയും തെറ്റും അവർ തന്നെ തീരുമാനിക്കും. ഫലമോ ധാർമ്മികവും ആത്മികവുമായ അധപതനമായിരിക്കും അവരുടെ സ്വഭാവത്തിൽ ഉാകുക.

### ധനവാൻ ദരിദ്രനായി തീരുന്നു (4:5)

നല്ല സാഹചര്യത്തിൽ വളർത്തപ്പെട്ടവർ, നല്ല വസ്ത്രം ധരിച്ചിരുന്നവർ, ഒരിക്കൽ നല്ല ആഹാരം കഴിച്ചിരുന്നവർ, ഇപ്പോൾ വീഥികളിൽ ഒന്നുമില്ലാത്തവരായി കിടക്കുന്നു (വാ.5). ചാരക്കുഴികൾ (ചവർ കൂട്ടിയിടുന്നത്) ശേഷിച്ച ആഹാരങ്ങൾ ഒരിക്കൽ എറിഞ്ഞുകളഞ്ഞിരുന്ന സ്ഥാനം, ഇപ്പോൾ അവരുടെ തീൻ മേശയായി.

ധൂമ്രവസ്ത്രം ധരിച്ചിരുന്ന, യഹൂദ്യ ധനവാന്മാർ ഇപ്പോൾ യാചകരായി മാറി.[2] അവരുടെ ധൂമ്രവസ്ത്രം ഇപ്പോൾ അവർക്ക് വിലയില്ലാതായി. തങ്ങളുടെ ആഗ്രഹപ്രകാരം ഓരോന്നു വാങ്ങിയിരുന്നവർക്ക് ഇപ്പോൾ പണം കൊടുത്താലും ഒന്നും ലഭ്യമല്ലാതായി. പണം തെറ്റായ ഭദ്രതയാണ് വാഗ്ദാനം ചെയ്യുന്നത്. സമാധാനവും ഭദ്രതയും നല്കുമെന്ന വ്യാജേന ആഗ്രഹിപ്പിക്കുന്നതാണ് സമ്പാദ്യം. നമുക്കാവശ്യമുള്ളത് നാം തെറ്റായ സ്ഥലങ്ങളിലാണ് നോക്കുന്നത്. അത് കയ്യിൽ തുളച്ചുകയറുന്നതും ഒടിയുന്നതുമായ ഒരു വടിയിൽ ചാരുന്നതുപോലെയാണ് (യെശയ്യാവ് 36:6). നാം ആഗ്രഹിക്കുന്ന സമാധാനം ദൈവത്തിനു മാത്രമേ തരുവാൻ കഴിയു എന്നു നാം തിരിച്ചറിയണം.

### വൈകുന്ന അനന്തരഫലങ്ങൾ (4:6, 9)

യഹൂദ്യയുടേയും യെരുശലേമിന്റേയും അകൃത്യത്തെ യിരെമ്യാവ് സൊദോമ്യരുടെ അകൃത്യവുമായിട്ടാണ് താരതമ്യം ചെയ്തത് (വാ.6). അവരുടെ പാപങ്ങൾ സൊദോമ്യരുടേയും ഗോമോറയുടേയും പാപങ്ങളേക്കാൾ വലുതായിട്ടാണ് അവൻ കണക്കാക്കിയത്. ആ പട്ടണങ്ങൾക്ക്, മുന്നറിയിപ്പില്ലാതെയായിരുന്നു, അവരെ മറിച്ചിട്ടത്, വിപത്തിനെ സമ്പന്ധിച്ച് അവർക്ക് നിരാശപ്പെടുവാൻ പോലും കഴിഞ്ഞില്ല. യഹൂദ്യയുടെ നാശം വലുതായിരുന്നു കാരണം, അത് ദിവസങ്ങളും, ആഴ്ചകളും, മാസങ്ങളും നീു നിൽക്കുന്നതായിരുന്നു. ചിലരുടെ മരണം ആഹാരവും വെള്ളവുമില്ലാതെ നീ പട്ടിണിയാലുള്ള മരണമായിരുന്നു. വാളിനാലുള്ള മരണമായിരുന്നു പട്ടിണിയാലുള്ള മന്ദമായ മരണത്തേക്കാൾ നല്ലത് (വാ.9). എങ്ങനെയായാലും, അവർ എങ്ങനെ

ദൈവത്തെ കോപിപ്പിച്ചു എന്ന് മനസിലാക്കുവാൻ സൊദോമിലുള്ളവർക്ക് കഴിഞ്ഞിരുന്നില്ല. യെരുശലേമിലെ നീറുപോയ കലാപത്തിൽ ശേഷിച്ചവർക്ക്, ചുരുങ്ങിയത് ദൈവത്തിങ്കലേക്ക് മടങ്ങേണ്ടതിന്റെ വിലയേറിയ ഗുണപാഠം മന സിലാക്കുവാനുള്ള അവസരം ലഭിച്ചു.

നമ്മുടെ ആഗ്രഹപ്രകാരം എല്ലാം സുഭിക്ഷമായി ആസ്വദിക്കേണ്ടതിനല്ല ദൈവം നമ്മെ സൃഷ്ടിച്ചത്. അവന്റെ സാദൃശ്യത്തിലാണ് നമ്മെ സൃഷ്ടിച്ചത്; അവന്റെ സ്വഭാവത്തിന്റെ വിപുലീകരണമാണ് നാം. നാം അവനോടുകൂടെ നടന്നു അവനെ അറിയുകയും, അവനെപോലെ ആകുവാൻ ശ്രമിക്കുകയും വേണം. നമ്മിൽ അവന്റെ സാന്നിദ്ധ്യം നിറക്കേണ്ടതിനാണ് നമ്മെ സൃഷ്ടിച്ചത്. നാം അവനെ മറന്നു ദൂരെപോകുമ്പോൾ വഴി പരുപരുത്തതും മോശവും ആകും - എന്നാൽ ദൈവത്തിലേക്ക് മടങ്ങിവരുവാനുള്ള അവസരമുണ്ട്. തെറ്റായ ജീവിതത്തിന്റെ അനന്തരഫലം വേദനാജനകമായി നീറുപോകുന്നത്, ദൈവത്തി ലേക്ക് മടങ്ങിവരുവാൻ നമ്മെ സഹായിക്കുന്നു. ദൈവം തന്റെ വചനത്തിൽ പഠിപ്പിക്കുന്ന പാഠങ്ങൾ ശ്രദ്ധിക്കുക യഹൂദ്യ അനുഭവിച്ചതായ നീ അനന്തര ഫലങ്ങളിൽ നിന്നും അവൻ എന്താണ് നമ്മോടു പറയുന്നത്?

## പ്രമുഖരായവർ തിരിച്ചറിയുവാൻ പറ്റാത്തവരായി (4:7, 8)

അഭിമാനത്തിനു വിലകല്പിക്കുന്നവർക്ക് പേരും മുഖവും തിരിച്ചറിയൽ പ്രാധാന്യമുള്ളതാണ്. പ്രഭുക്കന്മാരും, പുരോഹിതന്മാരും, മറ്റു പ്രമാണിമാരും ദൈവ ജനത്തിനുള്ള അവന്റെ പ്രതിനിധികളായിരുന്നു. ദൈവത്തിനുവേണ്ടി ജന ത്തെ സേവിക്കുവാൻ അവർ പതിബദ്ധതയുള്ളവരായിരുന്നു. അവർ തങ്ങളെ തന്നെ, അവരുടെ സ്ഥാനത്തിനു യോജിക്കുന്നു എന്നു തോന്നിയ രീതിയിൽ ആളുകളെ കാണിച്ചിരുന്നു. പൊഴിയുന്ന മഞ്ഞുപോലെ, അല്ലെങ്കിൽ ശുദ്ധമായ പാൽപോലെ വെളുത്തു കാണപ്പെട്ടു (വാ.7). അവർ ആരോഗ്യമുള്ളവരും, അവരുടെ കവിൾ പവിഴം പോലെ ചുവന്നതുമായിരുന്നു. അവർ ഇന്ദ്രനീലം പോലെ പ്രകാശിച്ചിരുന്നു (കെജെവി). അവർ ഉയർന്നു കാണപ്പെടുകയും സമൂഹത്തിലെ എല്ലാവരാലും തിരിച്ചറിയപ്പെടുകയും ചെയ്തു.

വാക്യം 8-ൽ അവരെ നോക്കുക. അവരുടെ ത്വക്ക് കരിയും അഴുക്കും പുരണ്ട് കറുത്തിരുന്നു. അവർക്ക് കുടിക്കുവാൻ മതിയായത്ര വെള്ളം ഇല്ലായിരു ന്നു. ആർക്കും കുളിക്കുവാനും കഴിഞ്ഞില്ല. അവരുടെ ത്വക്ക് വരണ്ട്, ചുളുങ്ങി, വിശപ്പും പട്ടിണിയുംകൊണ്ട് കടുപ്പമുള്ളതായി വീഥികളിൽ അവരെ മുൻപ് കണ്ടി ട്ടുള്ളവർക്ക് തിരിച്ചറിയുവാൻ പറ്റാതായി. പരിശീലനം പ്രാധാന്യമില്ലാതായി. പാപ്പരായവരെ പ്രമുഖരായവരിൽനിന്നു വേർപെടുത്തിയില്ല. വിപത്ത് എല്ലാ വരേയും തുല്ല്യരാക്കി.

## അവിശ്വസനീയത യാഥാർത്ഥ്യമായി (4:11, 12)

ഒരു ശത്രുവിന് എങ്ങനെ യെരുശലേമിൽ കടന്ന് അവരെ പ്രവാസിക ളായി പിടിപ്പാൻ കഴിഞ്ഞു? അവന്റെ നാമത്തെ ഉയർത്തിയ ദൈവത്തിന്റെ പട്ടണമായിരുന്നു അത്! അവന്റെ സാന്നിദ്ധ്യം യെരുശലേമിൽ എല്ലായിടത്തും ഉായിരുന്നു, അവളുടെ മദ്ധ്യേ അവന്റെ ആലയവുമുായിരുന്നു. ഭൂരാജാക്ക ന്മാർക്കും ഭൂവാസികൾക്കും അത് വിശ്വസിക്കുവാൻ കഴിഞ്ഞില്ല; എങ്കിലും ഒരിക്കൽ ശക്തി ആർജിച്ചിരുന്ന, ബഹുമാനിക്കപ്പെട്ടിരുന്ന, അഭ്യുന്നതി പ്രാപ ിച്ച യഹോവയുടെ അഭയസ്ഥാനം ദഹിപ്പിച്ച് അടിസ്ഥാനമിളക്കി (വാ.11, 12).

യഹോവയെക്കാൾ മറ്റൊരു ദേവൻ ശക്തനായതുകൊാേ അല്ലെങ്കിൽ മറ്റൊരു ദേശം യെഹൂദ്യയേക്കാൾ നല്ലതായതുകൊാേ അല്ല ഈ നാശം സംഭവിച്ചത്. ദൈവസാന്നിദ്ധ്യം കൊ് മഹനീയമാക്കിയ യെരുശലേമിലെ അവന്റെ ആളുകളുടെ അവിശ്വസ്തത ക് ദൈവത്തിന് സഹിക്കാവുന്നതിനപ്പുറമായി. അവന്റെ ഭയങ്കരക്രോധമാണ് സീയോനിൽ തീ ജ്വലിക്കുവാൻ കാരണം. അവന്റെ ക്രോധം പൂർണ്ണമായിരുന്നു.

---

**സന്ദേശം എന്താണ്?**

ദൈവത്തെ ഒരിക്കലും നിസാരമായി കാണരുത്! നിങ്ങൾക്ക് ഇഷ്ടമുള്ള തെല്ലാം ചെയ്താലും ദൈവം അനുഗ്രഹിക്കുമെന്ന് ഒരിക്കലും ചിന്തിക്കരുത്. മിന്നുന്ന സമൃദ്ധിയിലോ സുഖലോലുപതയുടെ മാസ്മരികതയിലോ മയങ്ങുമ്പോൾ, നാം സ്വയ-നശീകരണപാതയിലാകുന്നു. സാമ്പത്തിക സമൃദ്ധിയാണ് നല്ല സ്വഭാവത്തേക്കാളും അല്ലെങ്കിൽ ധാർമ്മികതയേക്കാളും മികച്ചതെന്ന് നാം വിചാരിക്കുമ്പോൾ, നാം നിരാശയിലേക്ക് കൂപ്പുകുത്തും.

ലോകത്തെ നമ്മിൽ വസിപ്പാൻ അനുവദിക്കാതിരിക്കുക എന്നതാണ് ക്രിസ്തീയ ജീവിതത്തിൽ നേരിടുന്ന ഏറ്റവും പ്രയാസമുള്ള വെല്ലുവിളി. ആചാരം സുവിശേഷത്തോട് എതിരിട്ടുകൊിരിക്കും. ലോകത്തിലെ ശേഷിച്ചവരിൽനിന്നകന്നിരിക്കുന്ന ഒരു ഉപ ആചാരമാണ് സഭ. നമുക്ക് ചുറ്റും കാണുന്നവരിൽനിന്ന് നാം വ്യത്യസ്തരല്ല എന്ന രീതിയിലേക്ക് നാം ചാഞ്ഞുപോയി, നാം ആചാരത്തിന് വിധേയപ്പെടും. സഭക്ക് സ്വഭാവം ലോകത്തിൽ ശെഷമുള്ളവരേക്കാൾ പ്രാധാന്യമില്ലെങ്കിൽ, നമ്മുടെ ശക്തിയുടെ അവസാന താവളവും തകർന്നുപോകും. ക്രിസ്ത്യാനികൾ ലോകത്തിന്റെ മൂല്യത്തെ കടമെടുത്താൽ, പിന്നെ ദൈവത്തിന്റെ സത്യങ്ങളെ മുറുകെ പിടിക്കുവാൻ ആരുമുാകുകയില്ല.

ലോകം എന്നു പറയുന്നത്, ഒരു വലിയ കറുത്ത വൃത്തമാണെന്ന് വിചാരിക്കുക. പിന്നെ സഭയുടെ ഒരു ചെറിയ ചിത്രം, കറുത്ത വൃത്തത്തിനുള്ളിൽ വെളുത്ത ചെറിയ വൃത്തം ആണെന്ന് വിചാരിക്കുക. എന്താണ് ലോകവുമായുള്ള ബന്ധത്തിൽ (കറുത്ത വലിയ വൃത്തം) സഭയുടെ (ചെറിയ, വെള്ള വൃത്തം) ഉദ്ദേശം? ആ വെള്ള വൃത്തം വിപുലമാക്കണോ, ചുരുങ്ങണോ, അതോ അങ്ങനെ തന്നെ കാണണോ?

നാം വ്യത്യസ്തരാകണം, എന്നാൽ വ്യത്യസ്തതക്ക് വേിയാകരുത് വ്യത്യാസം. താൽപര്യമില്ലാത്തവരുമാകരുത്; എന്നാൽ നാം താഴ്മ ധരിച്ച്, ദൈവത്തെ പ്രസാദിപ്പിക്കുവാൻ തീരുമാനിക്കയും, അതിൽ ലജ്ജിക്കാതിരിക്കയും, ആളുകളുടെ തെറ്റുകളെ സ്നേഹിക്കാതെ, ആളുകളെ സ്നേഹിക്കുകയും, നീതിക്കുവേി നിലകൊള്ളുകയും വേണം (സദൃശവാക്യങ്ങൾ 23:23; മത്തായി 6:19–21).

---

കുറിപ്പുകൾ

[1]ജീൻ സ്ട്രാറ്റർ-പോർട്ടർ, "ഓസ്ട്രിച്ച്," *ഇന്റർ നാഷ്ണൽ സ്റ്റാൻഡേർഡ് ബൈബിൾ എൻസൈക്ലോപീഡിയ,* വാല്യം. 4, എഡി. ജെയിംസ് ഓർ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം.ബി എഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1957), 2204. [2]"ധൂമ്ര

വസ്ത്രം" രാജകീയ പ്രൗഢിയെ സൂചിപ്പിക്കുന്നതാണ്. ഫൊയ്നികൃക്കാർ തോടുള്ള മൽസ്യത്തിനുള്ളിലെ ഗ്രന്ഥിയിലുള്ള, പാൽപോലെ ദ്രവരൂപത്തിലുള്ള ഒന്ന് അന്തരീക്ഷത്തിലേക്ക്എടുക്കുമ്പോൾ, അതിന്റെ നിറം ചുവപ്പോ ധ്രൂമമോ ആകും. സമാഗമന കൂടാരത്തെയും (പുറപ്പാട് 25:4) ശലോമോന്റെ ആലയത്തെയും (2 ദിനവൃത്താന്തം 2:14; 3:14) അലങ്കരിക്കുവാൻ ധ്രൂമവസ്ത്രം ഉപയോഗിച്ചിരുന്നു (ആൽഫ്രെഡ് ഏലിഡേ, "പർപ്പിൾ," *ഇന്റർനാഷ്ണൽ സ്റ്റാൻഡേർഡ് ബൈബിൾ എൻസൈക്ലോപീഡിയ,* വാല്യം. 4, എഡി. ജെയിംസ് ഓർ ധഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം ബി. എഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1957, പ 2509).